പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2743

20.06.2013ൽ
മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ :<br>ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.വി.ചെന്താമരാക്ഷൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരും വിസ്തൃതിയുമടങ്ങിയ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഈ നടപടി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ; | (എ) ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നത് കൃഷി ഓഫീസർമാർ കൺവീനറായുള്ള പ്രാദേശികതല സമിതിയും ആയതിന്റെ ഗസറ്റ് പ്രസിദ്ധീകരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നടന്നു വരുന്നത്. ഡാറ്റാ ബാങ്കിന്റെ കരട് പ്രസിദ്ധീകരിച്ചതായും ഗസറ്റ് വിജ്ഞാപനം സംബന്ധിച്ച നടപടികൾ നടന്നു വരുന്നതായും ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കാത്തതിനാൽ വ്യാപകമായ തോതിൽ നിലം നികത്തലുകൾ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ; | (ബി) വ്യാപകമായ നിലം നികത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നിലവിലെ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഭൂമാഫിയ - ഉദ്യോഗസ്ഥ കൂട്ടുകെട്ടാണ് ഈ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്നിലുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇത്തരക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) ഭൂ മാഫിയ - ഉദ്യോഗസ്ഥ കൂട്ടുകെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | നെൽവയൽ - നീർത്തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിനാണ് ; മറ്റു വകുപ്പുകൾ നിലം നികത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും അനുവാദം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | നെൽവയൽ - നീർത്തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല റവന്യൂ വകുപ്പിനാണ്. (നോട്ടിഫിക്കേഷൻ ജി.ഒ. (എം.എസ്) 219/2010/പൊ.ഭ.വ. തീയതി 18-06-2010) തദ്ദേശസ്വയംഭരണ വകുപ്പ് നികത്ത് ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇത്തരം നടപടി തടയുന്നതിനും നിയമം കർക്കശമായി നടപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ? | (ഇ) | പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ